പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3646 19-02-2013 -ൽ മറുപടിക്ക്.

## സ്പിരിറ്റ്, വ്യാജമദ്യവേട്ട, മദ്യവർജ്ജന നയം

ചോദ്യം | ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) സ്പിരിറ്റും, വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(എ) സ്പിരിറ്റും, വ്യാജമദ്യവും പിടിച്ചെടുക്കുന്നതിൽ, 2011, 2012, 2013 എന്നീ വർഷങ്ങളിൽ, എക്സൈസ് വകുപ്പിന് ഉണ്ടായിട്ടുള്ള പുരോഗതി, പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം | സ്പിരിറ്റ് (ലിറ്ററിൽ) | വ്യാജമദ്യം (ലിറ്ററിൽ) |
|---|---|---|---|
| 2011 | 9947 | 16832 | 65817.28 |
| 2012 | 14296 | 36902.5 | 45361.32 |
| 2013 (നാളിതു വരെ) | 1411 | 7900 | 1588.69 |

(ബി) വ്യാജമദ്യകേസ്സുകൾ കാര്യക്ഷമമായി നടത്തുവാൻ സംവിധാനം ഏർപ്പെടുത്തുമോ;

ബി) വ്യാജമദ്യകേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി, അബ്കാരി കേസ്സുകളുടെ അന്വേഷണം വേഗത്തിൽ പൂർത്തിയാക്കി, ഫാസ്റ്റ് ട്രാക്ക് കോടതിയിലും, പ്രത്യേക അബ്കാരി കോടതികളിലും ചാർജ്ജ് ഷീറ്റ് സമർപ്പിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും എക്സൈസ് ഇൻസ്പെക്ടർമാരെ നിയമിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ മൈനർ ചെക്ക് പോസ്റ്റായ മൂഴിയിൽ തോട്ടം ചെക്ക് പോസ്റ്റ് ഒഴികെ, സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും എക്സൈസ് ഇൻസ്പെക്ടർ തസ്തിക നിലവിലുണ്ട്.

(ഡി) വ്യാജമദ്യവേട്ട നടത്തുന്നതിനോടൊപ്പം മദ്യവർജ്ജന നയം വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) വ്യാജമദ്യവേട്ട നടത്തുന്നതിനോടൊപ്പം, മദ്യവർജ്ജന നയം വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതിന്റെ ഫലമായി, എക്സൈസ് വകുപ്പിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ ഒരു ബോധവൽക്കരണ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണത്തിലൂന്നിയുള്ള ഘട്ടംഘട്ടമായുള്ള മദ്യ വർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സെക്ഷൻ ആഫീസർ